*Registered Post with A/D*

**തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ**

**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

വിഷയം: മെ.വി.വ-ജീവനക്കാര്യം- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന നഴ്സിംഗ് ഓഫീസർ/നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിലുള്ളവരെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ(അ)നം. 152/2020/ധന തീയതി. 05/11/2020
2. സർക്കുലർ നം.83/2020/ധന തീയതി. 30/12/2020
3. ജെ2/3396/2024/മെ.വി.വ തീയതി.26/06/2024
4. ജെ2/3396/2024/മെ.വി.വ തീയതി.17/08/2024
5. ആർ.ഒ/496/എഫ്2/2024/ഐ & പി.ആർ.ഡി തീയതി.07/11/2024
6. സർക്കാർ കത്ത് നമ്പർ.H-M2/268/2024/HEALTH തീയതി.10/12/2024

**ഉത്തരവ് നമ്പർ ജെ2/3396 /2024 മെ.വി.വ തീയതി: 27-03-2025**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി നഴ്സിംഗ് ഓഫീസർ / നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തുവരവേ അനധികൃത അവധിയിൽ പ്രവേശിച്ചതും, കെ.എസ്.ആർ പാർട്ട് അനുബന്ധം XIIA/XIIC എന്നിവ പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് പ്രസ്തുത അവധി കാലയളവ് പൂർത്തിയായതിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്തതും നിരീക്ഷണകാല സേവനം (പ്രൊബേഷൻ) പൂർത്തീകരിച്ചതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനെ തുടർന്ന് സൂചന (3) പ്രകാരം നോട്ടീസ് നൽകുകയും ആയത് കൈപ്പറ്റി 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ മേധാവിക്ക് മുൻപാകെ ഹാജരാകാൻ രജിസ്റ്റേഡ് തപാൽ മുഖേന അറിയിക്കുകയുണ്ടായി. തുടർന്നും ഹാജരാകാത്ത ജീവനക്കാർക്ക് അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (4) പ്രകാരം കുറ്റപത്രം, കുറ്റാരോപണ മെമ്മോ എന്നിവ നൽകുകയും തുടർന്ന് 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിക്ക് മുൻപാകെ ഹാജരാകേണ്ടതാണെന്ന് കാണിച്ച് സൂചന (5) പ്രകാരം വീണ്ടും കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

| Sl No | Name | Designation | PEN | Name of Office | UAA absent from which date |
|---|---|---|---|---|---|
| 1 | **JESSY.K.J** Kattiparambil House, Muhamma.P.O Alappuzha | Nursing Officer | 893339 | GOVT MEDICAL COLLEGE,THRISSUR | 13-06-2023 |

| | | | | | |
|---|---|---|---|---|---|
| 2 | **Remya S M**<br>Rakhi Nivas, Near SNDP Kollamkonam, Vilappilsåla, Peryad, TVM | Nursing Officer | 673808 | Govt. Medical college Hospital , Thiruvananthapuram | 03-01-2023 |
| 3 | **Radhika R**<br>Roadarikathu Veedu, Parandode P.O, Thiruvananthapuram | Nursing Officer | 671820 | Govt. Medical college Hospital , Thiruvananthapuram | 15-11-2024 |
| 4 | **Vishnu P. S**<br>Sila House 858, Adarsh Nagar, Chempazhanthi P.O, Thiruvananthapuram | Nursing Officer | 737603 | Govt. Medical college Hospital , Thiruvananthapuram | 13-03-2023 |
| 5 | **Nanda Devi G**<br>Krishna Bhavan, TC/27/77, Devi Lane, Moolavilakom, Kunnukuzhi, Vanchiyoor P.O, Thiruvananthapuram | Nursing Officer | 761130 | Govt. Medical college Hospital , Thiruvananthapuram | 24-03-2024 |
| 6 | **Shereena S**<br>Flat No. 6, Attara Apartment, Mosque Lane, Kumarapuram-695011 | Nursing Officer | 744970 | Govt. Medical college Hospital , Thiruvananthapuram | 29-03-2024 |
| 7 | **Soumya Sasidharan**<br>Chirayakottu House, Santhigram P.O Idukki-685514 | Nursing Officer | 761231 | Govt. Medical college Hospital , Thiruvananthapuram | 15-04-2024 |
| 8 | **Divya G S**<br>Sivadom, Sreeneelakandapuram, Eanikkara, Karakulam, Thiruvananthapuram | Nursing Officer | 671478 | Govt. Medical college Hospital , Thiruvananthapuram | 05-02-2024 |
| 9 | **Alphonsa Philomina**<br>Mulamkuzhiyil House, Kochi, Kumbalanghi<br>Ernakulam 682007 | Nursing Officer | 760172 | Govt. Medical College, Ernakulam | 08-06-2023 |
| 10 | **Sija M S**<br>MATTAPPILLY HOUSE ,W. VENGOLA P O ,PALAYIKKUNNU,ERNAKULAM .DT | Nursing Officer Gr I | 239260 | Govt.Medical College Hospital Kottayam | 01-12-2022 |
| 11 | **ANNAMMA MATHEW**<br>Thiruvamparambil malakunnam P O Kurichy ,Kottayam | Nursing Officer Gr I | 391972 | Govt.Medical College Hospital Kottayam | 31-01-2022 |
| 12 | **MANJU M**<br>ELLUTHAZHCHAYIL HOUSE, ERAMALLIKKARA P.O THIRUVALLA ALAPPUZHA - 689109 | Nursing Officer | 524643 | IMCH GOV MEDICAL COLLEGE KOZHIKODE | 23-04-2023 |
| 13 | **MUFLIYA MUHAMMED**<br>ARAMBRATH PARAMBIL, KOTTAKKAVAYAL, PADANILAM - 673571 | Nursing Officer | 724109 | IMCH GOV MEDICAL COLLEGE KOZHIKODE | 14-11-2023 |

| | | | | | |
|---|---|---|---|---|---|
| 14 | **PREETHY MATHEW**<br>Preethy Mathew<br>Raj villa,Mayithara Market.P.O<br>Cherthala,Alappuzha Pin: 688539 | Nursing Officer | 586282 | MEDICAL COLLEGE HOSPITAL ALAPPUZHA | 26-08-2023 |
| 15 | **MOHAMMED NAVAS T**<br>THACHARAKKAD, KANDOOR P O, MALAPPURAM,676320 | Nursing Officer | 759611 | MEDICAL COLLEGE HOSPITAL KOZHIKODE | 13-05-2024 |
| 16 | **GEEMOL GEORGE**<br>THEVARIL HOUSE,<br>CHATHURTHIKARI,<br>ALAPPUZHA,688502 | Nursing Officer | 376239 | MEDICAL COLLEGE HOSPITAL KOZHIKODE | 06-01-2010 |
| 17 | **LOVELINE PAUL T**<br>KOLADIYIL HOUSE,<br>KUPPAYAKODE P O,<br>KODANCHERI, KOZHIKODE | Nursing Officer | 376153 | MEDICAL COLLEGE HOSPITAL KOZHIKODE | 16-04-2018 |
| 18 | **SUBITHA V S**<br>VAZHAKKANDI HOUSE,<br>MUDAKKALLUR P O,<br>KOZHIKODE, 673315 | Nursing Officer | 759527 | MEDICAL COLLEGE HOSPITAL KOZHIKODE | 12-07-2022 |
| 19 | **ANJALIKRISHNA K .L**<br>Kiran Maya, TC 3/2356-4<br>Kavallor Konam, Temple Line<br>Pattom, TVM 695004 | Nursing Officer | 503015 | SREE AVITTOM THIRUNAL HOSPITAL | 07-01-2019 |
| 20 | **RESHMI CHANDRAN**<br>Plot No 50, PTP Nagar P O<br>TVM 695006 | Nursing Officer | 366298 | SREE AVITTOM THIRUNAL HOSPITAL | 25-08-2022 |
| 21 | **DEEPTHI P THOMAS**<br>Sasthri Thopil, Babu Nivas<br>Challakoodu, PPM P O,<br>Punaloor , 691352 | Nursing Officer | 760011 | SREE AVITTOM THIRUNAL HOSPITAL | 21-07-2023 |

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെയും സൂചന (2) പ്രകാരമുള്ള സർക്കാർ പരിപത്രത്തിൻറെയും അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 (അഞ്ച്) വർഷമായിരിക്കും എന്നും അവധി കാലയളവ് തീരുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, ചട്ടം 9/XII C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ വകുപ്പ് മേധാവികൾ സമയബന്ധിതമായി സ്വീകരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന നിരീക്ഷണകാല സേവനം പൂർത്തീകരിച്ച സബോർഡിനേറ്റ് സർവ്വീസിൽ ഉള്ള എല്ലാ ജീവനക്കാർക്കെതിരെയും Rule 11 & 13 KCS & CCA പ്രകാരം അച്ചടക്കനടപടികൾ വകുപ്പ് മേലധികാരി/നിയമനാധികാരി തലത്തിൽ പൂർത്തീകരിക്കണമെന്ന് സൂചന (6) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പുപോലെയുള്ള അവശ്യസർവ്വീസ് മേഖലയിൽ വളരെ ഉത്തരവാദിത്തതോടെ ജോലി ചെയ്യേണ്ട ഇത്തരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ചതിന് ശേഷം സർക്കാർ സേവനത്തെ തികഞ്ഞ ലാഘവത്തോടെ കാണുകയും അനധികൃതമായി ജോലിക്ക് ഹാജരകാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഉളവാക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ അനധികൃത അവധിയിൽ തുടരുന്ന മേൽപ്പറഞ്ഞ 21 നഴ്സിംഗ് ഓഫീസർ / നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ജീവനക്കാരെ 1958-ലെ KS&SSR ചട്ടങ്ങളിലെ ഭാഗം 2 ചട്ടം 19 (ii), 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11 & 13 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജോലിയിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുകളുടെ പേരിൽ എന്തെങ്കിലും ബാധ്യതകൾ ഉണ്ടെങ്കിൽ ആയത് നിലവിലെ നിയമപ്രകാരം ഈടാക്കുന്നതാണ്.

Signed by
Thomas Mathew
Date: 27-03-2025 11:35:21

THOMAS MATHEW
DIRECTOR

സ്വീകർത്താവ്

മേൽ പറഞ്ഞ വ്യക്തികൾക്ക്

പകർപ്പ്:
1. പ്രിൻസിപ്പാൾ, ഗവ.മെഡിക്കൽ കോളേജ്
   തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
2. കരുതൽ ഫയൽ